II ഇ. ബി. XIV - കേരള നിയമസഭ/XIII- 2

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 നവംബർ 29, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമല വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയ നോട്ടീസ് ചോദ്യോത്തരവേള റദ്ദുചെയ്ത് പരിഗണനയ്ക്കെടുക്കണമെന്ന പ്രതിപക്ഷാവശ്യം അനുവദിക്കാത്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും *31, *32 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിക്കാതിരിക്കുകയും ചെയ്തു.)

2(*33 ) ശബരിമല യുവതീ പ്രവേശനം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, ശബരിമല യുവതീ

പ്രവേശനത്തിന് വിലക്കേർപ്പെടുത്തിയ നടപടി ഭരണഘടനയുടെ ആർട്ടിക്കിൾ 15, 26 എന്നിവയുടെ ലംഘനമാകയാൽ ആയത് റദ്ദ് ചെയ്ത് പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം അനുവദിച്ചുകൊണ്ട് സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബഞ്ച് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1965-ലെ കേരള ഹിന്ദു പൊതു ആരാധനാസ്ഥലങ്ങൾ (പ്രവേശനാനുമതി) ആക്ടിലെ 3 (ബി) ചട്ടപ്രകാരം ശബരിമല ക്ഷേത്രത്തിൽ സ്ത്രീകളെ വിവേചനപരമായി ഒഴിവാക്കുന്ന ആചാരം ഹിന്ദു സ്ത്രീകളുടെ ആരാധനയുടെയും മതവിശ്വാസങ്ങളുടെയും ലംഘനവും ഭരണഘടനയുടെ 25 (1) അനുച്ഛേദപ്രകാരമുള്ള മൗലികമായ മതാവകാശം ഇല്ലാതാക്കുന്നതുമാണെന്നും 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസൃതമാണെന്ന വാദം നിയമവിരുദ്ധമാണെന്നും വ്യക്തികൾക്ക് ഭ്രഷ്ട് കൽപ്പിക്കുന്ന ശുദ്ധിയുടെയും അശുദ്ധിയുടെയും അടിസ്ഥാനത്തിലുള്ള ആശയങ്ങൾക്ക് ഭരണഘടനാക്രമത്തിൽ സ്ഥാനമില്ലെന്നും ശബരിമല ക്ഷേത്രത്തിൽനിന്ന് സ്ത്രീകളെ ഒഴിവാക്കുന്നത് അവരുടെ അന്തസ്സിനെയും പൗരാവകാശതുല്യതയ്ക്കുള്ള അവകാശത്തെയും നിന്ദിക്കുന്നതിനാൽ അത്തരം ആചാരങ്ങൾക്ക് ഭരണഘടനാപരമായ സാധുത നൽകുന്നതിൽ വിയോജിക്കുന്നുവെന്നും പൊതുസ്വഭാവമുള്ള എല്ലാ ഹിന്ദുമത സ്ഥാപനങ്ങളിലും ഹിന്ദുമതവിശ്വാസികളായ എല്ലാ വ്യക്തികൾക്കും എല്ലാ

വിഭാഗത്തിലുംപെട്ട ഹിന്ദുക്കൾക്കും പ്രവേശനം അനുവദിക്കേണ്ടതാണെന്നും ശബരിമല ക്ഷേത്രത്തെയും വിശ്വാസികളെയും ഒരു പ്രത്യേക മതവിഭാഗമായി കാണാനാവില്ലെന്നും എല്ലാ മതങ്ങളിലുള്ളവരും തീർത്ഥാടകരായി ശബരിമല സന്ദർശിക്കുന്നുണ്ടെന്നുമാണ് പ്രസ്തുത വിധിന്യായത്തിൽ പറയുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല ക്ഷേത്ര തന്ത്രി കുടുംബം, അയ്യപ്പസേവാസംഘം, പന്തളം കൊട്ടാരം തുടങ്ങിയ സംഘടനകൾ ശബരിമല അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയ വസ്തുതകൾ സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച് ഇൻഡ്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത കേസിൽ കേരള സർക്കാരിനെ കക്ഷി ചേർക്കുകയാണുണ്ടായതെന്നും മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 394 മുതൽ 786 വരെയുള്ള ചോദ്യങ്ങളിൽ 213 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)